**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 93** **05-12-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു, ശ്രീ. പി.പി. ചിത്തരഞ്ജൻ, ശ്രീ. കെ. പ്രേംകുമാർ, ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പോലീസിനെ നവീകരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച എക്കണോമിക് ഒഫൻസ് പ്രിവൻഷൻ വിംഗ്, സൈബർ പട്രോളിംഗ്, സൈബർ ഡോം തുടങ്ങിയവ വഴി സാമ്പത്തിക, സൈബർ കുറ്റകൃത്യങ്ങൾ പെട്ടെന്ന് തന്നെ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സൈബർ സുരക്ഷയ്ക്കും, സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി ആരംഭിച്ച സൈബർ ഡോം രാജ്യത്തിന് തന്നെ മാതൃകയായി വന്നിട്ടുള്ളതാണ്. സാമ്പത്തിക സൈബർ കുറ്റകൃത്യങ്ങൾ പെട്ടെന്ന് തന്നെ കണ്ടെത്തുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിച്ചിട്ടുണ്ട്. 17.03.2022 ലെ സർക്കാർ ഉത്തരവിലൂടെ ക്രൈംബ്രാഞ്ചിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം എല്ലാ ജില്ലകളിലും കേസന്വേഷണം നടത്തി വരുന്നുണ്ട്. |
| (ബി) | പ്രശംസനീയമായ ഒട്ടനവധി മാതൃകാ പ്രവർത്തനങ്ങൾ നടത്തി കേരള പോലീസിന്റെ യശസ്സ് ഉയരുമ്പോൾ ഇതിന് കളങ്കമുണ്ടാക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ സർക്കാരിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ; കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | വിമർശനങ്ങൾ ക്ഷണിച്ചു വരുത്തുന്ന പ്രവൃത്തികൾ ചില പോലീസുദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ